# മാഗധേയം

രംഗം-1

പാർഥന്മാരൊടുമൊത്തു കണ്ണനവനീദേവന്റെവേഷം ധരി-
ച്ചേറ്റം ശോഭനമാർന്നിടും മഗധതൻ ശീർഷസ്ഥലേ ചെന്നുടൻ
പാരം ധൃഷ്ടത കാട്ടി ഗോപുരകവാടങ്ങൾ ത്യജിച്ചുന്നതം
സാലം ചാടിയകത്തു ചെന്നു മഗധാധിശന്റെ ദർബ്ബാറിലും

പൂവിന്മാലയണിഞ്ഞു പൂമുഖമതിൽ വന്നുള്ളൊരാ ഭൂസുരർ
നേരില്ലാത്തവരാണു നിർണ്ണയമതെന്നുള്ളിൽ നിനച്ചഞ്ജസാ
പർഥന്മാരൊടു ചേർന്നിരുന്നു ഹരി ഹാസങ്ങൾ ചൊരിഞ്ഞീടിലും
പാരം ഭവ്യതയാർന്നു മാഗധനുടൻ വമ്പോടു ചൊന്നാനിദം.

കൃഷ്ണനും ഭീമനും അർജ്ജുനനും ബ്രാഹ്മണ വേഷധാരികളാണെന്നു കാണിക്കുവാൻ ഒരുവെളുത്ത വസ്ത്രം നളചരിതത്തിൽ ബാഹുകൻ കെട്ടുന്നപോലെയോ യാഗാനുഷ്ഠാന സന്ദർഭങ്ങളിൽ 'യജമാനൻ' കെട്ടുന്നതു പോലെയോ കെട്ടാം.( മിനുക്കു വേഷം ഉദ്ദേശിച്ചിട്ടില്ല). അരങ്ങിന്റെ നടുവിലൂടെ ഭോഷ്കു കാണിച്ച വരുന്നു. രംഗത്തുള്ള നിലവിളക്കിനു മുൻപിലെത്തുന്നതോടെ "എന്തെ" ന്ന് ജരാസന്ധൻ ചോദിക്കുന്നു. "കാണാനും വന്ദിക്കാനും ഭിക്ഷക്കും വന്നവരാ" ണെന്നു മറുപടി പറയുന്നു. "എങ്കിൽ പ്പിന്നെ സഭയിൽ കേറിയിരിക്കാത്തതെന്ത്"' എന്നുചോദിച്ച് മൂവരേയും ഇടതു വശത്ത് ഇരുത്തുന്നു.
( മനോധർമ്മ സാധ്യതകളെ ഇവിടെ വിശദീകരിക്കുന്നില്ല.)

ജരാസന്ധൻ

ബ്രാഹ്മണരാകിലുമല്ലായ്കിലും നിങ്ങൾ
ബ്രഹ്മജ്ഞരെന്നു കരുതുന്നഹം
ബ്രഹ്മസൂത്രത്തിനു മുൻപിലഹമിതാ
വന്ദിപ്പൂ നിങ്ങളെ കൗതുകത്തോടെ

ഗോപുരകവാടം വെടിഞ്ഞു  നുഴഞ്ഞു കടന്നു
കന്മതിൽ ചാടി വന്നോരു നിങ്ങളെ
ബ്രാഹ്മണരെന്നു കരുതിടാൻ ഞാൻ ബത
മൂഢനോ വെറുമൊരു മാടനോ

ഋഷഭാസുരത്തുകലേറ്റി മുറുക്കിയ പെ-
രുമ്പറയടിച്ചു പൊളിച്ചിങ്ങു വന്നവർ
ഭൂസുരന്മാരെന്നു കരുതിടാൻ തെളിവായി

ബ്രഹ്മസൂത്രമതു മാത്ര മാണുള്ളതും

പൂമാലയണിയുന്ന ഭൂസുരന്മാരേതു
വേദികളെന്നു മറിവീലഹോ
വന്ദിച്ചിടാനോ നിന്ദിച്ചിടാനോ
ബന്ധിച്ചിടേണമോ നിങ്ങളെ ഞാനും

കൃഷ്ണൻ

പരിഭവമേതും തോന്നീടരുതേ
മഗധമഹാദേവാ
അധികതരാനന്ദത്താൽ ചപലത
പലതുംവന്നുഭവിച്ചു നിയതം
മഹിയിൽ മഹത്തരമീമഹീതലേ
പദമൂന്നാൻ കാൽ കഴുകണമല്ലോ
ഭിമൻ
കേട്ടാൽ കിട്ടണമല്ലായ്കിൽ ഞാൻ
കേൾക്കാതങ്ങു മടങ്ങീടാം
ഭൂസുരനൊരു വരമെകാൻ (മഹാ)
ബലിപോലും കാണിച്ചു തോഷം.
(ചോദിച്ചത് നൽകാമെന്ന് സത്യം ചെയ്യിക്കുന്നു).

അർജ്ജുനൻ
നരബലിക്കായി നരത്തൊഴുത്തിൽ ഭവാൻ
പാർപ്പിച്ച നരപതിമാരെ വധിച്ചു നീ
സ്വർഗം പ്രതീക്ഷിച്ചിടുന്നെന്ന സത്യമ
റിഞ്ഞിങ്ങു വന്നതെന്നറിക ഞങ്ങൾ

ഭീമൻ
സ്വർഗ കവാടം കടക്കുവാനായ് ശത
ഭൂപതിമാരെ ബലികഴിച്ചീടാതെ
യിന്നു നിന്നെ വീരസ്വർഗത്തിലേക്കു
പറഞ്ഞയച്ചീടുവാൻ വന്നവർ ഞങ്ങൾ.

കൃഷ്ണൻ
ഒന്നുകിൽ വിട്ടയച്ചീടേണമവരെനീ
ആല്ലായ്കിലിന്നൊരുങ്ങീടുക ദ്വന്ദയു-
ദ്ധത്തിന്നു കൃഷ്ണനാമെന്നോടു മല്ലയ്കിൽ
ജിഷ്ണുവോടല്ലായ്കിൽ ഭീമനിവനൊടു.

('കൃഷ്ണനാമെന്നോടു' എന്നു പാടുമ്പോൾ ചുമലിൽ നിന്ന് വസ്ത്രം അഴിച്ചു മാറ്റുന്നു. അങ്ങിനെ ഓരോരുത്തരും. ജരാസന്ധൻ അവരെ തിരിച്ചറിയുന്നു.)

ജരാസന്ധൻ
പലായനത്തിനു വീരാ യാദവാ
ഫലിതം ചൊല്ലുവതോ നീ മാധവാ
ഒരുകൈപ്പിടി യുദ്ധത്തി ന്നീവിധ
ജാടകളോ യാചനയോ വ്രജബാലാ

പൊരുന്നതും പോരിൽ ഹനിപ്പതും
തുണപ്പതും ത്യജിപ്പതും
പൊരുതുന്നവനുടെ ഹിതമെന്നറിയുക
പൊരുതിത്താനിവരെ വെന്നതു ഞാൻ

പ്രഥമം സൽക്കാരമതിൻ ശേഷം
പ്രതിയോഗികളെ പ്രഹരിച്ചീടാം
നരബലീ യതിനുംശേഷമതാട്ടെ
അർഘ്യം കൊണ്ടു വരട്ടേയുടനെ

കരുത്തനിവനെൻ കരത്തിനിരയാ
യീടാൻ മതിമതിയൊരുങ്ങിടുക നീ
പൊയ്ത്തു കഴിഞ്ഞിടുവോളവുമെന്നുടെ
യതിഥികളായിഹ വാഴുക നിങ്ങൾ.
ആതിഥികളായ സ്ഥിതിക്ക് നമുക്ക് കുറച്ച് ചതുരംഗം കളിക്കുകയല്ലേ? നാലുപേരും ചേർന്ന് ചതുരംഗം കളിക്കുന്നു. പാനീയങ്ങളും മറ്റും കുടിച്ച് സന്തോഷിക്കുന്നു. ജരാസന്ധൻ എല്ലാകളിയിലും ജയിക്കുന്നു. കൃഷ്ണൻ അഭിനന്ദിക്കുന്നു.
ജരാസന്ധൻ " നേരം വൈകി. നിങ്ങൾക്കു കുളിക്കുവാനുള്ള എണ്ണ തുടങ്ങിയ എല്ലാകാര്യങ്ങളും കുളക്കടവിൽ തയ്യാറാക്കിയിട്ടുണ്ടാവും. ഭക്ഷണവും മറ്റും നിങ്ങളുടെ വീട്ടിൽ തയ്യാറായിട്ടുണ്ടാവും. എല്ലാവരും പോയി വിശ്രമിക്കാം. നാളെ അങ്കത്തിന് സൂര്യൻ ഉദിക്കുന്നതോടെ അങ്കത്തട്ടിൽ എല്ലാവരും എത്തുമല്ലോ. അങ്കത്തിൽ നിന്ന് പിൻ തിരിയണമെങ്കിൽ ഇനിയും വൈകിയിട്ടില്ല. പറഞ്ഞു പോകാം. ആയുധം കൈവിട്ടവനോടും മോഹിച്ചു വീണവനോടും നാം യുദ്ധം ചെയ്യുകയില്ല. യുദ്ധത്തിനിടക്ക് യുദ്ധം നിർത്തേണമെങ്കിൽ നിങ്ങളിലാരെങ്കിലും ഒരു ആംഗ്യം കാണിച്ചാൽ പോലും മതി. എന്തായാലും വിജയാശംസകൾ. ഭിമൻ എനിക്ക് തന്നിൽ നല്ല പ്രതീക്ഷയുണ്ട്. തന്റെ വിദ്യകളെ നാളെ നേരിൽ അനുഭവിച്ച് നോക്കട്ടെ. ആലിംഗനം ചെയ്ത് പിരിയുന്നു.
ഗോവിന്ദൻ തന്റെപാണിദ്വയമതിലിറുകി ഗ്രീവയും ഭംഗമായി-
പ്രാണൻ പോയ് പ്രേതമായന്നിലമതിലചലം വീണതാ കംസനും ഹാ
കൊന്നീടൊല്ലാ ഭവാനിന്നടിയനെയിതി യെന്നോതിടും ഭാവമോടും
കണ്ണിൽ കത്തുന്നവീരം ചകിത ഭയമെഴും വിഭ്രമത്താൽ മിഴിച്ചും

എൻ നാഥന്നു ഭവിക്കുകില്ല മരണം നൂനം പടത്തട്ടിൽ വെ
ച്ചിന്നേറ്റം കുടിലപ്രവൃത്തിയതിനാൽ വഞ്ചിച്ചു കൊന്നൂ ഹരി
വെൺചേലക്കു ശരീര മിന്നു പൊതിയാ നേകുന്നു ഞാനെങ്കിലും
വെണ്ണീറാക്കുമവന്റെ കാറുടലുമാ( കറുത്ത ഉടൽ) വംശത്തെയും നിർണ്ണയം

അസ്തിയെന്നമഗധേശ്വരൻ മകൾ
സ്വസ്തിയറ്റു നിജ ഭർതൃ സന്നിധൗ
പ്രജ്ഞയറ്റു വിലപിച്ചു മാനസേ
ഉൽക്കടം വിധുര ഭാവമോടവൾ

രംഗം-2

രംഗം തുടങ്ങുമ്പോൾ മരിച്ചു കിടക്കുന്ന കംസന്റെ അരികിൽ അസ്തി ഇരിക്കുന്നു. വലലനെ പുതപ്പിച്ചപോലെ ഉള്ളിൽ വേഷക്കാരനില്ലാതെ തിരശീല നീളത്തിൽ വിരിച്ച് ഒരറ്റത്ത് കിരീടം പകുതി മറയുന്ന വിധം തിരശീല വച്ചാൽ മതി. തൃപുട.രണ്ടാം കാലം. കംസന്റെ മുഖത്തേക്ക്അവിശ്വാസത്തോടും പരിഭ്രമത്തോടെയും പിന്നീട് സങ്കടത്തോടെയും ഉൽക്കടമായ ശോകത്തോടെയും നോക്കുന്നു തളരുന്നു. പതുക്കെ നെറ്റിത്തടത്തിൽ വിരലുകളോടിക്കുന്ന പോലെ കാണിക്കുമ്പോൾ ശോകം കൂടുതലാകുന്നു. പക്ഷെ സാവധാനം രോഷം മാറി രതിഭാവത്തിന്റെ ലാഞ്ഛന വരുന്നു. "എന്റെ വിരൽ മുറിച്ച രക്തം ഞാൻ എത്ര തവണ ഈ നെറ്റി ത്തടത്തിൽ ചേർത്തതാണ്?നെറ്റിയിലേക്ക് കയ്യെത്താത്ത കാരണം വലം കയ്യിൽ വാളേന്തിയ ഇവൻ ഇടം കൈ കൊണ്ട് എന്നെ എടുത്തുയർത്തുകയായിരുന്നു. പൂച്ചയുടെ നാവ് പോലെ ഉരമുള്ള ഇവന്റെമാറിലേക്ക് ഞാൻ വെറുമൊരു താമര വളയം.... ആലോചിച്ച്
ആരേയും വധിക്കാത്ത ദിവസം ഇവന് രത്യാവേശമുണ്ടായിരുന്നില്ല. നിഗ്രഹശേഷം പക്ഷെ എന്നെ പ്രാപിക്കാറുള്ള ഇവൻ ഒരു കൊച്ചു കുട്ടിയെ പ്പോലെയായിരുന്നു. ദേവകിയുടെ ഓരോകുട്ടിയേയും കൊന്ന രാത്രിയിൽ എന്നോടൊത്ത് നടത്തിയ ശൃംഗാരം എങ്ങിനെ മറക്കും?

എല്ലാം ഇന്ന് നശിപ്പിച്ചു കളഞ്ഞ ആ കൃഷ്ണനെവിടെ?" കൃഷ്ണനേയും കംസനേയും ക്രോധത്തോടും ദുഖത്തോടും മാറി മാറി നോക്കുന്നു.
ഭാവനയിൽ ഒരു കൃഷ്ണനെ സങ്കൽപിച്ച്(തൃപുട ദ്രുതകാലം)അവന്റെ തലയും കാലും പിടിച്ച് നിലത്തടിച്ച കഴുത്തു ഞെരിക്കുന്നതായി ഭാവിച്ചു തളരുന്നു.(വീണ്ടും രണ്ടാം കാലം)

"കഷ്ടം നെഞ്ച് തിളക്കുന്നു. അച്ഛനിൽ നിന്ന് യുദ്ധമുറകൾ പഠിച്ചു കൊണ്ടിരിക്കുമ്പോൾ കൊട്ടാരത്തിലെ അതിഥിയായി വന്ന ഇവന് ഞാനുമായി പൊരുതുവാൻ ആഗ്രഹം. അഹോ... ഇവനെ ജയിക്കാനാകാതെ വന്നപ്പോൾ എന്റെ വിദ്യ ഫലിച്ചു. ചുണ്ടൊന്നു നനക്കുകയും പുരികമൊന്നു വളക്കുകയും അർഥം വച്ചൊന്നു നോക്കുകയും ചെയ്തതോടെ ഉന്നം തെറ്റിയ ഇവൻ അടിയറവു പറയുകയായിരുന്നു. വരണമണ്ഡപത്തിൽ

വച്ച് ഇവനെ ഞാൻ ഒരിക്കൽ കൂടി ബന്ധിച്ചു." ചിന്തകൾ ദുഖത്തിലേക്ക് നീങ്ങുകയും കൃഷ്ണനെ സങ്കൽപിച്ച് കാണുകയും ആദ്യത്തേതു പോലെ തലയും കാലും പിടിച്ച് നിലത്ത് അടിച്ച് കഴുത്തിറുക്കുന്നപോലെ കാണിക്കുന്നതോടെ കുഴഞ്ഞു വീഴുന്നു. കംസന്റെജഡം കൊണ്ടുപോകുന്നു പക്ഷെ അസ്തി നിലവിട്ട് കരയുന്നത് മാറ്റി നിശ്ചയദാർഢ്യത്തോടെ എന്തോ തീരുമാനിച്ച് ഉറച്ചവളെപ്പോലെ പിന്നോക്കം നീങ്ങുന്നു വീണ്ടും നിലവിളക്കിലേക്ക് ദേഷ്യത്തോടെ അടുക്കുന്നു ജ്വാലയെ കൃഷ്ണനായി സങ്കൽപിച്ച 'പിഴിയു'ന്നതായി കാണിച്ച്( മൂന്നു തവണ) 'നാശം' എന്ന മുദ്ര കാണിച്ച് രംഗം വിടുന്നു.

-------------------------------------------------------------------

രംഗം 3

കംസൻ തൻമണവാട്ടിയായവനൊടൊത്തേറ്റം പ്രഹർഷത്തൊടും
വാണീടുന്നളവിൽ ഹരിച്ചവനെയാ രാജ്യത്തെ രക്ഷിച്ചുടൻ
ലോകത്തിന്നൊരു നന്മയേകിടുവതിന്നായി ജ്ജനിച്ചുള്ളൊരാ
നാഥൻ മാതുലിയായൊരസ്തിയവളെ ചെന്നങ്ങുകണ്ടാനുടൻ

കൃഷ്ണൻ

ദേവകീ നന്ദനൻ മാതുലേ നിൻ പദേ
സാദരം നമിച്ചിടുന്നു സവിനയം

ഭീമസേനനിവൻ അർജ്ജുനൻ മറ്റവൻ
ശൂരസേനന്നുടെ പൗത്രരെന്നറിയുക.

കണ്ടു കുമ്പിട്ടു നിൻ ക്ഷേമമാരാഞ്ഞിടാൻ
ഇന്നെനിക്കായതും ഭാഗ്യമല്ലോ ദൃഢം.

മധൂരയിൽ നിന്നുകണ്ടതിലേറെയൂനമോ-
ലാതെകണ്ടതിലേറെ സന്തോഷമുണ്ടുമേ.

അസ്തി

(സ്വഗതം)
മുണ്ഡിതയായി ശ്വേതാംബരവുമു
ടുത്തെൻതിലകം മായ്ച്ചു കളഞ്ഞ
മുഖം കണ്ടെന്തു പ്രസാദമിവന്നുടെ
കാളിമയാളും വദനത്തിൽ.

എത്ര യറിഞ്ഞു വലഞ്ഞൂ നീ മഗ

ധാധിപനുടെ കൈയൂക്കിൽ പിന്നെ
ഭീമനു മൃത്യു പിണഞ്ഞാലും ദ്രുപ
ദാത്മജ വിധവയുമാകില്ലല്ലോ.

യുദ്ധേമരണം സ്വർഗമതെങ്കിൽ
യുദ്ധത്താൾ പിടികൂടിയൊരിവരെ
ബലിചെയ്തീടുന്നതിനെ വിലക്കാൻ
നീയാരെന്നു പറഞ്ഞീടുടനെ

കൃഷ്ണൻ

മുണ്ഡനം കാത്തു തിലകവും മായ്ചു വി
ധവകളാമെന്നു കരുതി വസിപ്പോരെ
കരുതാതിങ്ങിനെ നരഹത്യക്കു കൊ
തിക്കും തവ ചിത്കമലമതിൽ മമ
വന്ദന മുകുളമിതാ ഞാനർപ്പിച്ചീടുന്നേൻ.( ആട്ടം ആവാം കാടുകയറരുതെന്നു മാത്രം)
------------------------------

രംഗം 4
മഗധം ഞെട്ടിയുണർന്നു ഭീമഗദതന്നാഘാതഘോഷംശ്രവി-
ച്ചഗദം ശക്തിയെഴുന്ന മാഗധനുയിർത്തുള്ളട്ടഹാസങ്ങളും
ഒളിവായ് ധർമ്മജ ബന്ധനത്തിനൊരു ദുർമ്മാർഗ്ഗങ്ങൾ ചിന്തിച്ചിടാൻ
സഹജാതൻ സഹദേവനോടുടനവൾ ചെന്നോതിയാളക്ഷമം

അസ്തി

അറിയണമിന്നുടനെ നീ
യുവരാജനു വേണ്ടൊരു കയ്യൂക്കുള്ളവനോ നീ

കരധൃത ശരചാപത്താലെ
ഉടനടിയൊരു രണനാടകമതിനായ് തുനിയുക നീ

മഗധാധിപനു പിറന്നൊരു രാജകുമാരാ
പുന്നരകത്തിലയക്കരുതേ ജനയിതാവിനേ

ഭിമാർജ്ജുനരിഹ മഗധത്തിൽ വസിപ്പോളം
പാണ്ഡവപുരമനാഥമാണല്ലോ നിയതം

ഉടനടി ചെന്നു യുധിഷ്ഠിരനെ നീയും
അടരിലുടക്കിയെടുത്തിഹ വന്നീടേണം

രുദ്രബലിക്കൊരു നൂറാമതുശീർഷം
ധർമ്മസുതന്റെ ശിരസ്സിന്നായ് കാത്തു വസിപ്പൂ.

സഹദേവൻ
എന്തു വിചാരിപ്പതു നീ സോദരി
ആരവനീ ധർമ്മജനെന്നതു നീ. കഷ്ടം

തിളയ്ക്കും വിദ്വേഷാഗ്നിയി ലുരുകി
തളരാതിന്നു വിവേകിയതാകുക.

ദമ്പതിമാരെകൊരാഗൃഹമതി
ലിട്ടു ജനിക്കുംകുട്ടികളുടെ തല
കല്ലിലടിച്ചു കൊലക്കു കൊടുക്കു
ന്നവനെ യന്നു വിലക്കാനുള്ള വി-
വേകം നീ കാട്ടാഞ്ഞതു കഷ്ടം.

പതിയില്ലാത്തവളിന്നു പിതാവി-
ല്ലാത്തവളായ്ത്തീരരുതേയെന്നു
പ്രാർത്ഥിപ്പതിനല്ലാതെനിക്കു കര
ണീയമതെന്തുള്ളൂ ജഗദീശ്വരാ

അസ്ഥി
ചെങ്കോലെടുത്തിങ്ങു നൽകുക
ചാപബാണങ്ങളുടനേകുക
ഗദയേകുക വാളേകുക.
അടരിന്നടവുകളറിവോളഹം.

മീശവരച്ചു കവചവും ബന്ധിച്ചു
ധർമ്മജനോടുഞാൻ പോരാടി വെന്നിങ്ങു
വന്നീടുവോളവും കൃഷ്ണനെ സേവിച്ചു
വാഴ്ക നീ സഹദേവ, സോദരാ.

സഹദേവൻ
നിന്നുടെ യൊരു മൊഴിയാലെൻ താതൻ
ഇന്നു രണത്തിൽ മരിക്കാതിദ്ധര
തന്നുടെ യരചനതായി വസിപ്പതു കാണാൻ
അൽപമൊരാശ, ഭഗിനീ,
സഹദേവന്റെ സമീപനത്തിൽ രോഷം കൊണ്ട അസ്ഥി സ്വയം യുധിഷ്ഠിരനെ ബന്ധിക്കുവാൻ യുദ്ധത്തിന് ഒരുങ്ങുന്നു. പടപ്പുറപ്പാടിനു ശേഷം തേരിൽ കയറുന്നതോടെ സഹദേവൻ

ഓടിവന്ന് തടയുന്നു. ജരാസന്ധന് ആപത്ശങ്കയുള്ളതിനാൽ യുദ്ധത്തിന് പോകരുതെന്ന് വിലക്കുന്നു. "ഛി ആണായിട്ടെന്താണ് കാര്യം ഇവൻ രാജവംശത്തിൽ പിറന്നല്ലോ. കഷ്ടം. ആട്ടെ മുടക്കശകുന മുണ്ടായ സ്ഥിതിക്ക് പടയോട്ടം മാറ്റിവച്ച്അങ്കത്തട്ടിലേക്ക പോകുക തന്നെ" എന്ന് കാണിച്ച്

ഇടത്ത് വശത്ത് യുധിഷ്ഠിരനേയും വലത്തു വശത്ത് കൃഷ്ണനേയും രോഷത്തോടെ നോക്കിയ ശേഷം മുകളിലേക്ക് നോക്കി ചിന്തിച്ചും കൊണ്ട് കാല് കുത്തി മാറുന്നു. രംഗത്തിൽ നിന്ന് തിരിയുന്നതോടെ 'മോശം' എന്നു മുദ്ര കാണിച്ച് മാറുന്നു.

--------------------------------

രംഗം 5

അങ്കത്തട്ടു തകർന്നടിഞ്ഞു ഗദ തന്നാഘാത ഭാരത്തിനാ-
ലംഗം പുഷ്പിതമായി ശോണരുധിര പ്പൂക്കൾനിറഞ്ഞജസാ
പത്തും പിന്നൊരു നാലു വാസരമതും തല്ലിത്തകർത്തിട്ടുമാ
ശക്തൻ തന്നെ മെരുക്കിടാൻ വഴിയെഴാ ഭീമൻ തളർന്നൂ ദൃഢം

വൃഗോദരാ വൃഥാവിലായ് നിന്നുടെ
ഗദായുദ്ധ പാടവമഖിലം

ഉദരം വീർത്തതു കൊണ്ടോ നിന്നുടെ
കുടലു നിറച്ചതുകൊണ്ടോ
ഉടലു തടിച്ചതുകൊണ്ടോ സംഗര
മിന്നു ജയിച്ചിടുവാൻ കൊതി വേണ്ട

ജരയെന്നുള്ള ഭവാനുടെ രക്ഷക
യിന്നെൻ ഗദയെ തെന്നി മറിച്ചതി-
ലില്ലയെനിക്കൊരു വ്യഗ്രതകേൾ നീ
മുഷ്ടിയുദ്ധമതിനൊരുങ്ങിടേണം.

ദിനമതു പതിനാലു കഴിഞ്ഞടരിതി-
നിന്നു വിരാമമതാക്കിടുവാൻ നിൻ
ജഡമതു ചുമലിലെടുത്തൊരു മംഗള
ഗാനം പാടിടുമാടിടുവൻ ഞാൻ.

പ്രത്യാക്രമണമതിന്നു കഴിഞ്ഞൂ.
മഗധേശായെന്നുടെ യാക്രമണം
ഇന്നുതുടങ്ങിടുമതു നേരിടുവാൻ
ഒന്നുമുറുക്കുക കച്ച ഭവാൻ.

(യുദ്ധം ജരാസന്ധനെ വധിക്കുന്നു. ഏതാണ്ട് പതിവു പോലെ കൃഷ്ണൻ വെറ്റില കീറി കാണിക്കലും മറ്റും)

കണ്ടു നിൽക്കുന്ന അസ്തി ആദ്യം ജരാസന്ധന്റെ ശവശരീരത്തിൽ വീണ് ദുഖിക്കുന്നു. പക്ഷെ ഉടനെത്തന്നെ ക്രോധാകാരയായി ഗദയുമെടുന്ന് ഭീമനോട് നേർക്കുന്നു.

പൂരുഷാ പെൺപുലിയെന്നൊടു നേരിടു
വാനുടനടി വാടാ.
മഗധേശ്വരനെ കൊന്നാൽ മഗധേ
ശ്വരിയെ കൊന്നേ പോകാവൂ.

ഭീമൻ
വനിതകളോടു കയർക്കാൻ കൃഷ്ണാ
നീയാണെന്നും കേമൻ, ഗദയുമെ
ടുത്തുടനിവളൊടു പോരിടുവാൻ നീ
ഒരുങ്ങുക പാലിച്ചിടുകെന്നെ.

അസ്തി
കൃഷ്ണ സർപ്പമേ നിൻ തലയിന്നു
ചതച്ചു വധിച്ചീടുന്നുണ്ടാസ്തി
പതിയെ പുനരെൻ താതനെയും നീ
കൊന്നതിനുത്തരമേകാൻ ഞാനൊരുവൾ
പോരും

കൃഷ്ണനു മായി യുദ്ധം ചെയ്യുന്നു. നാലാരട്ടിയുടെ അവസാനം രണ്ടു കൈകൾ കൊണ്ടും കൃഷ്ണന്റെ കഴുത്തിൽ പിടിക്കുന്നതോടെ, കൃഷ്ണനിൽ കംസനെ കണ്ടതായി തോന്നുന്നു. പിടിയൊന്നയഞ്ഞ്പുഞ്ചിരിച്ചു നിൽക്കുന്ന കൃഷ്ണന്റെ കഴുത്തു വീണ്ടും ചാടി ഞെരുക്കുന്നു. ജരാസന്ധനേയും സ്വന്തം പൗത്രനേയും മാറിമാറി കാണുന്നു. കൃഷ്ണനെ പരമാത്മ ചൈതന്യമായി തിരിച്ചറിയുന്നു. കുഴയുന്നു. നമസ്കരിക്കുന്നു.

ശരണാഗത കൃഷ്ണാ തവചരണമതിലിന്നു
ശരണാഗത
അപരാധ മൊരുപാടു ചെയ്തോരെനിക്കു നീ
വിടുതലേകീടുക വിട നൽകുക
കംസനാകുന്നു നീ താതനാകുന്നു നീ
പുത്രനും പൗത്രനു മാകുന്നു നീ.
എന്നിലെ ഞാനുമായുള്ളനീ യിന്നെനി
ക്കേകണം മോക്ഷപദം
എന്നുടെ പൗത്രനെ രാഗവിദ്വേഷങ്ങളില്ലാതെ

**പാലിച്ചിടേണ്ടതും നീ**

**സഹജാ സഹദേവാ നിന്നുടെരാജ്യാഭി**
**ഷേകം കണ്ടു ഗമിക്കട്ടെ ഞാൻ**

**കൊട്ടാരങ്ങളുമീ കോട്ടകളും**
**കൊത്തളവും അനഭീഷ്ടമെനിക്കും**
**വാനപ്രസ്ഥത്തിന്നു മുഹൂർത്തമ**
**തായി ഭവാനനുവാദം ദേഹി.**
**അസ്ഥി എല്ലവരോടും യാത്ര പറഞ്ഞ് വാനപ്രസ്ഥത്തിന് പുറപ്പെട്ടു പോകുന്നു.**
**ആരങ്ങിന്റെ നടുവിലൂടെ….**
**-----------------------------------------------------**